**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1613** **16-10-2026-ൽ മറുപടിയ്ക്ക്**

**വാഴക്കാട് സബ് രജിസ്ട്രാർ ഓഫീസിന്റെ വാടക കുടിശ്ശിക**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്‌റഫലി

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കൊണ്ടോട്ടി മണ്ഡലത്തിലെ വാഴക്കാട് സബ് രജിസ്ട്രാർ ഓഫീസിന്റെ വാടക വർഷങ്ങളോളം കുടിശ്ശികയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** ഉണ്ടെങ്കിൽ കുടിശ്ശിക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** വാഴക്കാട് സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചു വരുന്ന, കൊണ്ടോട്ടി താലൂക്കിൽ വാഴക്കാട് പഞ്ചായത്തിലുള്ള VP-11/1967, 1967A, 1978, 1978A എന്നീ നമ്പറുകളിലുള്ള കെട്ടിടത്തിന്റെ 01.11.2020 മുതൽ 07.02.2023 വരെയുള്ള കാലയളവിലേക്ക് പ്രതിമാസം ₹12,424/- നിരക്കിൽ വാടക നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിലെ വാടക കുടിശ്ശികയായ ₹3,38,347/- അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുകയാണ്.

08.02.2023 മുതൽ മൂന്ന് വർഷത്തേക്ക് പ്രതിമാസ വാടക ₹13,034/- ആയി നിശ്ചയിച്ച 20/07/2026-ലെ സ.ഉ.(സാധാ)നം. 561/2026/TAXES സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 06/10/2026-ൽ വാടക കരാർ രജിസ്റ്റർ ചെയ്യുകയുമുണ്ടായി. ടി കാലയളവിലെ കുടിശ്ശിക വാടക ലഭ്യമാക്കുന്നതിനായി കെട്ടിട ഉടമസ്ഥരുടെ അപേക്ഷ ലഭ്യമാക്കി സമർപ്പിക്കുന്നതിനും, 08/02/2026 മുതലുള്ള വാടക പുതുക്കുന്നതുമായി ബന്ധപ്പെട്ടുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**(സി)** കുടിശ്ശിക കൊടുത്തു തീർക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**മറുപടി:** വാഴക്കാട് സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചു വരുന്ന, കൊണ്ടോട്ടി താലൂക്കിൽ വാഴക്കാട് പഞ്ചായത്തിലുള്ള VP-11/1967, 1967A, 1978, 1978A എന്നീ നമ്പറുകളിലുള്ള കെട്ടിടത്തിന്റെ 01.11.2020 മുതൽ 07.02.2023 വരെയുള്ള കാലയളവിലേക്ക് പ്രതിമാസം ₹12,424/- നിരക്കിൽ വാടക നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിലെ വാടക കുടിശ്ശികയായ ₹3,38,347/- അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുകയാണ്.

08.02.2023 മുതൽ മൂന്ന് വർഷത്തേക്ക് പ്രതിമാസ വാടക ₹13,034/- ആയി നിശ്ചയിച്ച 20/07/2026-ലെ സ.ഉ.(സാധാ)നം. 561/2026/TAXES സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 06/10/2026-ൽ വാടക കരാർ രജിസ്റ്റർ ചെയ്യുകയുമുണ്ടായി. ടി കാലയളവിലെ കുടിശ്ശിക വാടക ലഭ്യമാക്കുന്നതിനായി കെട്ടിട ഉടമസ്ഥരുടെ അപേക്ഷ ലഭ്യമാക്കി സമർപ്പിക്കുന്നതിനും, 08/02/2026 മുതലുള്ള വാടക പുതുക്കുന്നതുമായി ബന്ധപ്പെട്ടുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**